**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** | **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതി ആലോചനയിൽ ഉണ്ടോ; | (എ) | ഉണ്ട്. കോവിഡ്-19ന്റെ പശ്ചാലത്തലത്തിൽ നിലവിൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നുവരുന്നത്. KITE Victers ചാനൽ മുഖേനയാണ് പ്രധാനമായും ക്ലാസുകൾ നടക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, ടാബ്ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ ഉപപദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.1128/2021/ തസ്വഭവ തീയതി 23/06/2021). കൂടാതെ വിദ്യാഭ്യാസ വകുപ്പ് KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ പട്ടികവർഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് 01/09/2021ലെ സ.ഉ.(സാധാ) നം.3852/2021/ പൊ.വി.വ പ്രകാരം സർക്കാർ അനുമതി നൽകുകയും ലാപ്ടോപ്പുകളുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കോവിഡ്-19ന്റെ പശ്ചാലത്തലത്തിൽ നിലവിൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നുവരുന്നത്. KITE Victers ചാനൽ മുഖേനയാണ് പ്രധാനമായും ക്ലാസുകൾ നടക്കുന്നത്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, ടാബ്‌ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ ഉപപദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.1128/2021/ തസ്വഭവ തീയതി 23/06/2021). കൂടാതെ വിദ്യാഭ്യാസ വകുപ്പ് KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ പട്ടികവർഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് 01/09/2021ലെ സ.ഉ.(സാധാ) നം.3852/2021/ പൊ.വി.വ പ്രകാരം സർക്കാർ അനുമതി നൽകുകയും ലാപ്ടോപ്പുകളുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വൈദ്യുതി എത്തിച്ചേരാത്ത ഊരുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി കോളനികളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ടി ഫണ്ടിൽ നിന്നും ജില്ലാ ഓഫീസർമാർക്ക് തുക അനുവദിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ കോളനികളിൽ ANERTന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഡിജിറ്റൽ പാനലുകൾ പ്രയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒരു പൊതു ഇടത്ത് സോളാർ പാനൽ മുഖേന വൈദ്യുതി ലഭ്യമാക്കി ക്ലാസുകൾ നടത്താനുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പുതലത്തിൽ നൽകിവരുന്ന സേവനങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ കൂടിയും എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും അനുവദിച്ച് വന്നിരുന്ന അർഹമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലുള്ള (മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, നഴ്സറി സ്കൂളുകൾ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേല്പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്ക് പുറമെ മെസ്സ് അലവൻസ്, പോക്കറ്റ് മണി എന്നിവ 2020 ജൂൺ മാസം മുതൽ അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പട്ടികവർഗ വികസന വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് പുറമേ, ഓൺലൈൻ ക്ലാസുകൾ വീക്ഷിക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ, കോളനികളിലെ പൊതു ഇടങ്ങളിൽ പഠനകേന്ദ്രങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ എം.ആർ.എസ് എന്നിവടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ് ചാർജ്ജിന് തുല്യമായ തുക രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്റ്റേറ്റ് സിലബസിലുള്ള 18ഉം സി.ബി.എസ്.ഇ സിലബസിലുള്ള 2ഉം ഉൾപ്പെടെ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 114 പ്രീ/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. ഇവിടെയുള്ള അധ്യാപകർ സാമൂഹ്യമാധ്യമങ്ങളിലൂടെ ഡിജിറ്റൽ ക്ലാസുകൾ കൈകാര്യം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ